**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1347** **01-02-2024 - ൽ മറുപടിയ്ക്ക്**

**തീരദേശഹൈവേയും വിനോദസഞ്ചാര സാധ്യതകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ വികസനത്തോടെ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | 580 കി.മീ. ദൈർഘ്യമുള്ള കേരളത്തിന്റെ തീരദേശ മേഖലയ്ക്കാകെ സമഗ്രവികസനം സാധ്യമാക്കുന്ന പദ്ധതിയാണ് തീരദേശഹൈവേ. തീരദേശഹൈവേയുടെ പദ്ധതി രൂപീകരണ ഘട്ടത്തിൽ ടൂറിസം സാധ്യതകൾകൂടി പരിശോധിച്ചിരുന്നു. ബീച്ച് ടൂറിസം കേന്ദ്രങ്ങളെ കണക്ട് ചെയ്യുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിയ്ക്കുന്നത്. പുതിയ ബീച്ച് ടൂറിസം കേന്ദ്രങ്ങളുടെ വികസനവും പ്രതീക്ഷിയ്ക്കുന്നുണ്ട്. ഇത്തരം ബീച്ച് ടൂറിസം കേന്ദ്രങ്ങളിലൂടെ കണക്റ്റിവിറ്റി സാധ്യമാക്കാൻ നമുക്ക് സാധിയ്ക്കും. നിശ്ചിത ഇടവേളകളിൽ അമിനിറ്റി സെന്ററുകൾ സാധ്യമാക്കുന്നതും ഗുണകരമാണ്. ഇതിലൂടെ കൂടുതൽ സംരംഭങ്ങളും തൊഴിൽ സാധ്യതകളും വരുമാനവും പ്രതീക്ഷിയ്ക്കുന്നു. |
| (ബി) | തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളുടെ വൈവിധ്യമാർന്ന വികസനത്തിനും വിനോദസഞ്ചാര മേഖലയുടെ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും സഹായിക്കുമോ; വിശദമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം. |
| (സി) | ഡെസ്റ്റിനേഷൻ ടൂറിസം, സൈക്കിൾ ടൂറിസം എന്നീ മേഖലകളുടെ പുരോഗതിക്ക് തീരദേശ ഹൈവേയുടെ പൂർത്തീകരണം സഹായിക്കുമോ; വിശദമാക്കുമോ? | (സി) | പ്രത്യേക സൈക്കിൾ ട്രാക്കോടുകൂടിയാണ് തീരദേശഹൈവേ നിർമ്മിയ്ക്കുന്നത്. ഇത് സൈക്കിൾ ടൂറിസം പ്രോത്സാഹിപ്പിയ്ക്കുന്നതിന് സഹായകരമാകും. |

സെക്ഷൻ ഓഫീസർ